**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4910** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഡിപ്ലോമ ഇൻ എലിമെന്ററി എജ്ജുക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഡിപ്ലോമ ഇൻ എലിമെന്ററി എജ്ജുക്കേഷൻ ( ഡി.ഇഎൽ.ഇഡി.) പ്രവേശനത്തിനുള്ള വിജ്ഞാപനം വൈകുന്നതിനാൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾ അദ്ധ്യായനവർഷം നഷ്ടപ്പെടുമോ എന്ന ആശങ്കയിലാണ് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഏത് മാസത്തിലാണ് ഈ കോഴ്സിന്റെ വിജ്ഞാപനം പുറപ്പെടുവിച്ച് പ്രവേശനം നൽകാറുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ഹയർസെക്കന്ററി പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്ന മുറയ്ക്കാണ് സാധാരണ ഡി.എൽ.എഡ് (ഡിപ്ലോമ ഇൻ എലിമെന്ററി എജ്ജുക്കേഷൻ) കോഴ്സിലേക്ക് പ്രവേശനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കാറുള്ളത്. വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞ് 2 മാസത്തിനകം പ്രവേശനം സാധ്യമാക്കാറുണ്ട്. |
| (സി) | ഇപ്രാവശ്യത്തെ വിജ്ഞാപനം പുറപ്പെടുവിക്കാൻ വൈകിയിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തെ അധ്യാപക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ (എൻ.സി.റ്റി.ഇ) അംഗീകാരത്തോടെയും എൻ.സി.റ്റി.ഇ.യുടെ മാനദണ്ഡങ്ങൾക്ക് അനുസൃതവുമായാണ്. എന്നാൽ എൻ.സി.റ്റി.ഇ മാനദണ്ഡങ്ങൾ പാലിക്കാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ അഡ്മിഷൻ നടത്തരുതെന്ന് എൻ.സി.റ്റി.ഇ നിർദ്ദേശിച്ചിട്ടുണ്ട്. കോവിഡ് 19- ന്റെ പ്രത്യേക സാഹചര്യത്തിൽ അത്തരം സ്ഥാപനങ്ങളിൽ 2020-2022 അധ്യയനവർഷം പ്രവേശനം നടത്തിയിരുന്നു. എന്നാൽ 2021-23അധ്യയന വർഷത്തിൽ ഇത്തരം സ്ഥാപനങ്ങളുടെ കാര്യത്തിൽ തീരുമാനങ്ങളൊന്നും ആകാത്തതിനാലാണ് വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയാതിരുന്നത്. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് അടിയന്തിരമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |
| (ഡി) | ഡിപ്ലോമ ഇൻ എലിമെന്ററി എജ്ജുക്കേഷന് | (ഡി) | ഹയർ സെക്കന്ററി /തത്തുല്യ യോഗ്യതയുള്ള |

| | | | |
|---|---|---|---|
| | പ്രവേശനം കിട്ടാറുള്ളത് ആർക്കാണെന്നും ഇതിന് അപേക്ഷിക്കുന്നവർക്ക് ബിരുദത്തിനും അപേക്ഷിക്കാൻ കഴിയുമോയെന്നും വ്യക്തമാക്കാമോ? | | വിദ്യാർത്ഥികൾക്കാണ് ഡിപ്ലോമ ഇൻ എലിമെന്ററി എജ്യുക്കേഷൻ കോഴ്സിന് അപേക്ഷിക്കാൻ കഴിയുന്നത്. ബിരുദത്തിന് അപേക്ഷിക്കാനുള്ള യോഗ്യത നിശ്ചയിക്കുന്നത് അതാത് യൂണിവേഴ്സിറ്റികളാണ്. |

സെക്ഷൻ ഓഫീസർ